# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജൂലൈ 16**

---

## ഇന്റർ യൂണിവേഴ്സിറ്റി സ്വിച്ചിംഗ്; കേരളത്തിന് പുറത്തുള്ളവർക്കും അവസരം

ബിരുദ ഓണേഴ്സ് പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിലെ ഇന്റർ യൂണിവേഴ്സിറ്റി സ്വിച്ചിംഗിൽ കേരളത്തിനു പുറത്തുള്ള സർവകലാശാലകളിലെ വിദ്യാർഥികൾക്കും മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലേക്ക് മാറി പഠിക്കാം.

സർവകലാശാലയുടെ ഓട്ടോണമസല്ലാത്ത കോളജുകളിലേക്ക് മാറുന്നതിന് സംസ്ഥാനത്തെയും പുറത്തെയും സർവകലാശാലകളിലെ വിദ്യാർഥികൾ cap.mgu.ac.in വഴിയാണ് അപേക്ഷിക്കേണ്ടത്. ഓട്ടോണമസ് കോളജുകളിലേക്കുള്ള സ്വിച്ചിംഗ് കോളജുകൾ നേരിട്ടാണ് ക്രമീകരിക്കുന്നത്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 19.

(പി.ആർ.ഒ/39/1826/2025)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ തൃശൂർ ദയ ജനറൽ ആശുപത്രിയുടെ സാങ്കേതിക സഹകരണത്തോടെ നടത്തുന്ന ബേസിക് ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ (പ്രീ ഹോസ്പിറ്റൽ മെഡിക്കൽ എമർജൻസി കെയർ ഹാൻസ് ഓൺ ട്രെയിനിംഗ്) ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

വിദ്യാഭ്യാസ യോഗ്യത -പ്ലസ് ടു. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകളും കോഴ്സ് ഫീസും സഹിതം ജൂലൈ 25ന് മുൻപ് വകുപ്പിൽ എത്തണം. ഫോൺ-0481-2733399, 08301000560.

(പി.ആർ.ഒ/39/1827/2025)

## പരീക്ഷാ തീയതി

എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ബേസിക് സയൻസസ് (ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്), എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലി ജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്), ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജ സ്-ഇംഗ്ലീഷ് (പുതിയ സ്കീം-2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും, സപ്ലിമെന്ററിയും ജൂൺ 2025) പരീക്ഷകൾ ജൂലൈ 25 മുതൽ നടക്കും.

(പി.ആർ.ഒ/39/1828/2025)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിവോക്ക് ഫാഷൻ ഡിസൈൻ ആന്റ് മാനേജ്മെന്റ്, ബിവോക്ക് ഫാഷൻ ടെക്നോളജി, ബിവോക്ക് ഫാഷൻ ടെക്നോളജി ആന്റ് മെർച്ചൻഡൈസിംഗ് (പുതിയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 21, 22 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ ബിഎസ്സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ സിബിസിഎസ് (പുതിയ സ്കീം-2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വ രെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 21 മുതൽ നടക്കും. ടൈം ടേ ബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1829/2025)

## വൈവ വോസി

മൂന്നും, നാലും സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് (2018 അഡ്മിഷൻ സപ്ലിമെന്ററി, 2014 മുതൽ 2018 വരെ അഡ്മിഷനുകൾ അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ജൂലൈ 18ന് ചങ്ങനാശ്ശേരി എൻഎസ്എസ് ഹിന്ദു കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1830/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**